# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3333** **19.06.2019 -ലെ മറുപടിയ്ക്ക്**

**യൂണിവേഴ്സിറ്റി അസിസ്റ്റന്റ്, കമ്പ്യൂട്ടർ അസിസ്റ്റന്റ് ഗ്രേഡ് II തസ്തിക നിയമനം**

*ചോദ്യം* *ഉത്തരം*

ശ്രീ. റ്റി.വി. രാജേഷ്

**ഡോ.കെ.ടി.ജലീൽ**
(ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി )

| | | | |
|---|---|---|---|
| (എ) | യൂണിവേഴ്സിറ്റി അസിസ്റ്റന്റ്, കമ്പ്യൂട്ടർ അസിസ്റ്റന്റ് ഗ്രേഡ് II എന്നീ തസ്തികകളിലേക്ക് കേരളത്തിലെ വിവിധ സർവ്വകലാശാലകൾ പി. എസ്. സി. മുഖേന എത്ര പേർക്ക് നിയമനം നൽകിയിട്ടുണ്ട്; പ്രസ്തുത റാങ്ക് ലിസ്റ്റുകളുടെ കാലാവധി എപ്പോൾ അവസാനിക്കും; | (എ) | കേരളത്തിലെ വിവിധ സർവ്വകലാശാലകളിലേയ്ക്ക് അസിസ്റ്റന്റ് തസ്തികയിലേക്ക് ഇതുവരെ 1315 ഉം കമ്പ്യൂട്ടർ അസിസ്റ്റന്റ് തസ്തികയിലേക്ക് 356 ഉദ്യോഗാർത്ഥികൾക്കും നിയമനം നൽകിയിട്ടുണ്ട്. കൂടുതൽ ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുമുണ്ട്. അസിസ്റ്റന്റ് തസ്തികയുടെ റാങ്ക്പട്ടികയുടെ കാലാവധി 09.08.2019 വരെയും കമ്പ്യൂട്ടർ അസിസ്റ്റന്റ് തസ്തികയുടെ റാങ്ക് പട്ടികയുടെ കാലാവധി 02.10.2019 വരെയുമാണ് |
| (ബി) | ഏതൊക്കെ യൂണിവേഴ്സിറ്റികളിലാണ് മേൽപ്പറഞ്ഞ തസ്തികകളിൽ കൂടുതൽ തസ്തിക അനുവദിക്കണമെന്നാവശ്യപ്പെട്ട് അപേക്ഷ നൽകിയിട്ടുള്ളത് ; | (ബി) & (സി) | കേരള സർവ്വകലാശാലയും ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയും കൂടുതൽ തസ്തിക അനുവദിക്കണമെന്നാവശ്യപ്പെട്ട് സർക്കാരിൽ അപേക്ഷകൾ നല്കിയിട്ടുണ്ട്. പ്രസ്തുത അപേക്ഷകൾ സർക്കാർ പരിശോധിച്ചുവരുന്നു. |
| (സി) | പ്രസ്തുത അപേക്ഷകളിന്മേൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ? | | |

സെക്ഷൻ ഓഫീസർ.